സാമൂഹ്യ ജലസേചന പദ്ധതികൾ പത്തനംതിട്ട ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ

1186. [1793] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ ജലസേചന പദ്ധതിയനുസരിച്ച് പത്തനംതിട്ട ജില്ലയിലെ ഓരോ പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി എത്ര അപേക്ഷകൾ ലഭിച്ചു;

(ബി) അതിൽ ഓരോ പഞ്ചായത്തിലേയും എത്ര അപേക്ഷകൾ അനുവദിച്ചു;

(സി) ബോർബെൽ നിർമ്മിക്കേണ്ട എത്ര അപേക്ഷകൾ ലഭിച്ചു;

(ഡി) എത്രയെണ്ണം അനുവദിച്ചു;

(ഇ) പ്രാഥമിക സർവ്വെ പൂർത്തിയാക്കിയ കേസ്സുകൾ എത്ര;

(എഫ്) രണ്ടാമത് സർവ്വെ എന്നു പൂർത്തിയാകും;

(ജി) പദ്ധതി എന്നു മുതൽ നടപ്പാക്കിത്തുടങ്ങും ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ 45 പഞ്ചായത്തുകളിൽ നിന്നുമായി 108 അപേക്ഷകൾ ലഭിച്ചു.

(ബി) അന്തിമതീരുമാനമായിട്ടില്ല.

(സി) 74 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) തീരുമാനമായിട്ടില്ല.

(ഇ) എല്ലാ അപേക്ഷകളിലും പ്രാഥമിക സർവെ പൂർത്തിയായിട്ടുണ്ട്.

(എഫ്) വിശദമായ സർവെ നവമ്പർ മാസത്തിൽ പൂർത്തിയാകും.

(ജി) പദ്ധതി ഡിസംബർ ആദ്യവാരം നടപ്പാക്കിത്തുടങ്ങും.

സാമൂഹ്യ ജലസേചന പദ്ധതിക്ക് 1986-87-ൽ തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുക

1187. [1794] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യജലസേചന പദ്ധതിക്ക് 1986-87-ൽ തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) 30-9-1986 വരെ നേമം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ഏതെങ്കിലും പദ്ധതി അംഗീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

ഉത്തരം

(എ) ഇതുവരെ ജില്ല തിരിച്ച് തുക അനുവദിച്ചിട്ടില്ല.

(ബി) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അന്തിമമായി തീരുമാനിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly